## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം,തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ് –ഡോ.ആയിഷ ജാൻ വി കെ,PEN:1013425,അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1.**കാരണം കാണിക്കൽ നോട്ടീസ് നം **DHS/28091/2025-EA3 Dated :02.12.2025**

**2.**ഡോ.ആയിഷ ജാൻ വി കെ സമർപ്പിച്ച അപേക്ഷ തീയതി **:20.01.2026**

**3.Letter No.DHS/28091/2025-EA3 Dated:28.02.2026**

## ഉത്തരവ് നം.DHS/28091/2025-EA3 തീയതി.03-06-2026

ഡോ.ആയിഷ ജാൻ വി കെ **PEN:1013425,** അസിസ്റ്റന്റ് സർജൻ തസ്തികയിൽ **17.06.2025** ന് ആരോഗ്യ വകുപ്പിൽ മലപ്പുറം അരീക്കോട് താലൂക്ക് ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ച വ്യക്തിയാണ്. തുടർന്ന് പിജി പഠനം പൂർത്തിയാക്കുന്നതിനായി **18.06.2025** മുതൽ **05.10.2025** വരെ ശൂന്യവേതനാവധി അപേക്ഷ നൽകി സേവനത്തിൽ നിന്നും വിടുതൽ ചെയ്തു. എന്നാൽ പിജി ഉപരിപഠനത്തിനുശേഷം സേവനത്തിൽ തിരികെ പ്രവേശിക്കുന്നതിനായി യഥാസമയം അപേക്ഷ നൽകിയിരുന്നില്ല. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് **(work and conduct)** തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം **(1)** പ്രകാരം നോട്ടീസ് നൽകുകയും ചെയ്തു.

(2).പ്രസ്തുത നോട്ടീസിന് പരാമർശം (2) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. അറിവില്ലായ്മ കാരണവും ആരോഗ്യപരമായ കാരണങ്ങളാലും ആണ് യഥാസമയം സേവനത്തിൽ തിരികെ പ്രവേശിക്കുവാൻ അപേക്ഷ നൽകാതിരുന്നത് എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സേവനത്തിൽ തിരികെ പ്രവേശിപ്പിക്കണമെന്ന ഡോ.ആയിഷ ജാൻ വി കെ യുടെ അപേക്ഷ പരിഗണിക്കുന്നതിന്റെ ഭാഗമായി **G.O(P) No.55/2020 H&FWD Dated:16.09.2020** സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന നിബന്ധനകൾക്ക് വിധേയമായി **12.03.2026** നകം ബോണ്ട് ,അപേക്ഷ എന്നിവ നൽകുവാൻ പരാമർശം **3** പ്രകാരം കത്ത് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും ബോണ്ട്, അപേക്ഷ എന്നിവ നൽകിയിട്ടില്ല.

(3).ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

ടി സാഹചര്യത്തിൽ **06.10.2025** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.ആയിഷ ജാൻ വി കെ,**PEN:1013425**,അസിസ്റ്റന്റ് സർജൻ ന്റെ വർക്ക് ആൻ്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(4).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ.ആയിഷ ജാൻ വി കെ, **PEN:1013425**,അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 03-06-2026
22:33:36

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

**Dr.Ayisha Jan V K**

**Maranikkal (H)**

**Pulpatta P.O**

**Manjeri**

**Malappuram**

**PIN:676123**

**AND**

**Dr.Ayisha Jan V K**

**Fazil Manzil**

**Manjeri**

**Karuvambrum**

**Malappuram**

**PIN:676123**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),മലപ്പുറം

3. സൂപ്രണ്ട്,താലൂക്ക് ആശുപത്രി,അരീക്കോട്,മലപ്പുറം

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ